# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 345 | 27.02.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി എസ് ടി നഷ്ടപരിഹാരം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി എസ് ടി നടപ്പിലാക്കിയ ഇനത്തിൽ കേരളത്തിന് നഷ്ടപരിഹാരമായി എത്ര തുക ലഭിച്ചു; വിശദവിവരം ലഭ്യമാക്കുമോ; | (എ) | ജി.എസ്.ടി നടപ്പിലാക്കിയ ഇനത്തിൽ കേരളത്തിന് നഷ്ടപരിഹാരമായി ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>മാസം — ലഭിച്ച തുക (കോടിയിൽ)<br>ജൂലൈ, ആഗസ്റ്റ് 2017 മാസങ്ങളിലേത് — 810<br>സെപ്റ്റംബർ, ഒക്ടോബർ 2017 മാസങ്ങളിലേത് — 395 |
| (ബി) | വാറ്റിന്റെ പരിധിയിൽ ഉൾപ്പെട്ട എത്ര തുക ഇനിയും പിരിച്ചെടുക്കാനുണ്ട് ; വിശദവിവരം നൽകുമോ; ഇതു പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്? | (ബി) | 31/03/2017 ലെ കണക്കനുസരിച്ച് വാറ്റിന്റെ പരിധിയിൽ ഉൾപ്പെട്ട 6478.48 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. ഇത് പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>വാറ്റ് നികുതി സംബന്ധമായ അസസ്സ്മെന്റുകളും റീ അസസ്സ്മെന്റുകളും പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നികുതി കുടിശ്ശികകൾ പരമാവധി പിരിച്ചെടുക്കുന്നതിനായി പലിശ, പിഴ, പിഴപലിശ എന്നിവയിൽ ഇളവു നൽകിക്കൊണ്ടുള്ള 2010-11 വർഷം |

| | | | |
|---|---|---|---|
| | | | വരെയുള്ള നികുതി നിർണ്ണയങ്ങൾക്ക് ആംനസ്റ്റി പദ്ധതിയും സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്.<br>ആംനസ്റ്റി പദ്ധതി കൂടാതെ, മുൻ സർക്കാരിന്റെ കാലത്തു നൽകിയിരുന്ന എല്ലാ സർക്കാർ സ്റ്റേകളും റദ്ദാക്കുകയും അപ്പലേറ്റ് അധികാരിയുടെ മുമ്പാകെ ഫയൽ ചെയ്യപ്പെട്ട അപ്പീലുകൾ എത്രയും വേഗം തീർപ്പാക്കുന്നതിനായി അത്തരം അപ്പലേറ്റ് അധികാരികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br>നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കുന്നതിനായി ധനകാര്യ മന്ത്രി എല്ലാ ജില്ലകളിലും ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ചു കൂട്ടുകയും ടി മീറ്റിംഗുകളിൽ നൽകിയ നിർദ്ദേശത്തിന്റെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും തുടർന്നു വരുന്നു. ജില്ലകൾ തോറും ഇതിനായി ഉദ്യോഗസ്ഥരുടെ പ്രത്യേക ടീമുകളെയും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ആംനസ്റ്റി പദ്ധതി 2018-19 സാമ്പത്തിക വർഷത്തിലേയ്ക്കും തുടരുന്നതിന് അനുവാദം നൽകും എന്ന് 2018-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**